പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1933

4.10.2011 ൽ
മറുപടിയ്ക്ക്

## ഐ.ടി. പാർക്കുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി. വിൻസെന്റ് ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുമോ ; ബി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) യും (ബി) യും |

(എ) യും (ബി) യും

ഐ.ടി. മേഖലയിലെ തൊഴിൽ സാദ്ധ്യതകൾ ഗ്രാമ പ്രദേശങ്ങളിലും കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ടെക്നോലോഡ്ജ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പഞ്ചായത്തുകളുടേയും മറ്റു സർക്കാർ ഏജൻസികളുടെയും കൈവശത്തിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിട സൗകര്യങ്ങൾ സൗജന്യ നിരക്കിൽ ദീർഘകാല പാട്ടത്തിന് എടുത്ത് ഐ.ടി. ബിസിനസ്സിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് ടെക്നോലോഡ്ജ്.

ഇതിനകം 11 ടെക്നോലോഡ്ജുകൾക്ക് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ കൊല്ലം ജില്ലയിലെ പെരിനാട്, കടയ്ക്കൽ, എറണാകുളം ജില്ലയിലെ പിറവത്തുള്ള കാക്കൂർ എന്നിവ പ്രവർത്തന സജ്ജമായിട്ടുണ്ട്. കൊല്ലം ജില്ലയിലെ വെളിയം, കണ്ണൂർ ജില്ലയിലെ മയ്യിൽ എന്നിവിടങ്ങളിലെ ടെക്നോലോഡ്ജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൊല്ലം ജില്ലയിലെ അഞ്ചൽ, പത്തനാപുരം, പൂതക്കുളം ഇടുക്കി ജില്ലയിലെ കരിങ്കുന്നം, തൃശ്ശൂർ ജില്ലയിലെ കൊടകര, വേലൂർ എന്നിവിടങ്ങളിലെ ടെക്നോലോഡ്ജുകൾക്കാണ് ഇതിന് പുറമെ ഭരണാനുമതി നൽകിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ